വയനാട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പ

14 (977) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പയും കാർഷികേതര വായ്പയും എത്രയാണ് ; താലൂക്ക് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് കുടിശ്ശിക നിവാരണത്തിനു നൽകിയ ഇളവുകൾ/ആനുകൂല്യങ്ങൾ എത്രയെന്ന് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാടു ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പ കാർഷികേതര വായ്പ താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മാനന്തവാടി താലൂക്ക്:

തുക ലക്ഷത്തിൽ

വർഷം	കാർഷികം	കാർഷികേതരം
2006-07	1749.68	5355.42
2007-08	5058.40	7284.56
2008-09	5069.29	6436.54
2009-10	1585.42	12294.20
2010-11	1857.38	12868.50
ആകെ	15320.17	44239.22

2. വൈത്തിരി താലൂക്ക്:

വർഷം	കാർഷികം	കാർഷികേതരം
2006-07	1204.20	5611.23
2007-08	3850.01	7439.78
2008-09	3138.04	11498.81
2009-10	3004.00	16897.73
2010-11	12740.09	21016.81
ആകെ	12470.34	62464.36

LIBRARY ARCHIVES Kerala Legislative Assembly

3. സുൽത്താൻ ബത്തേരി താലൂക്ക്:

വർഷം	കാർഷികം	കാർഷികേതരം
2006-07	1424.30	5704.97
2007-08	3703.60	6788.94
2008-09	3862.08	7635.32
2009-10	2792.99	9963.71
2010-11	1303.65	7633.60
ആകെ	13086.62	37726.54

(ബി) ലഭ്യമാക്കാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

താലൂക്ക്/സ്ഥാപനങ്ങൾ	2008	2009	2010
മാനന്തവാടി	8.71	24.13	32.06
വൈത്തിരി	6.17	14.75	16.57
സുൽത്താൻബത്തേരി	7.68	12.11	14.78
ജില്ലാ സഹകരണ ബാങ്ക്	20.20	20.35	25.20
ആകെ	42.76	71.34	88.61

കാർഷിക വായ്പയുടെ തോത് ഉയർത്തുന്നതിന് നടപടി

15 (978) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണബാങ്കുകളിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ കൃഷി ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) വർദ്ധിച്ച കൃഷിച്ചെലവ് കണക്കിലെടുത്ത് വായ്പ തുകയുടെ തോത് കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly